ചോദ്യോത്തരം

മുജീബ്

# ജമാഅത്തിന്റെ കേഡർ സ്വഭാവം?

■ *"ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയ പ്രവേശം സി.പി.എമ്മിന്റെ നയംമാറ്റത്തിനു കാരണമായി എന്ന് പറയാനാവില്ല. തദ്ദേശ ഭരണതെരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്‌ലാമി സ്ഥാനാർഥികളെ നിർത്തുമെന്നാണ് പറയുന്നത്. അവരും മത്സരിക്കട്ടെ. മത്സരിക്കരുതെന്ന് പറയുന്നത് ഒരു ജനാധിപത്യ സമൂഹത്തിന് യോജിച്ചതല്ല. അതിനെ വെല്ലുവിളിയായി ഏറ്റെടുത്ത് നേരിടുകയാണ് വേണ്ടത്. ജമാഅത്തെ ഇസ്‌ലാമിക്ക് വിദേശത്തു നിന്ന് ഫണ്ട് ലഭിക്കുന്നുണ്ടെന്നാണ് കേൾവി. യാഥാർഥ്യം എത്രത്തോളമുണ്ടെന്നറിയില്ല. അതേക്കുറിച്ച് അന്വേഷണം നടത്തേണ്ടത് സർക്കാർ ഏജൻസികളാണ്. ജമാഅത്തെ ഇസ്‌ലാമി ഒരു കേഡർ സ്വഭാവമുള്ള പാർട്ടിയാണ്. പട്ടാളച്ചിട്ടയുള്ള അത്തരം പാർട്ടികളെ ഉൾക്കൊള്ളാൻ കേരളത്തിലെ സാധാരണ ജനങ്ങൾക്ക് കഴിയില്ല. സാമൂഹിക പ്രശ്നങ്ങളിൽ അത് ശക്തമായ ഇടപെടലുകൾ നടത്തുന്നുണ്ട്. മാധ്യമങ്ങളെ ഉപയോഗപ്പെടുത്തുന്നതിലും അവർ ശ്രദ്ധിക്കുന്നു. എങ്കിലും സാധാരണ ജനങ്ങൾ ആ പ്രസ്ഥാനത്തെ വീക്ഷിക്കുന്നത് അൽപം സംശയത്തോടെയാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ പശ്ചാത്തലവും അഭിപ്രായ സ്വാതന്ത്ര്യമില്ലാത്ത കേഡർ സ്വഭാവവും ആണിതിന് കാരണം."*

*ജമാഅത്തിന്റെ കേഡർ സ്വഭാവം ഇത്തരത്തിലുള്ള ഒന്നാണോ? എം. ഗംഗാധരന്റെ നിരീക്ഷണങ്ങളോട് (ചന്ദ്രിക 10.6.2010) മുജീബിന്റെ പ്രതികരണം?*

***അബൂസഹ്റ തിരുവിഴാംകുന്ന്***

ജനാധിപത്യത്തിൽ, ഏതാദർശത്തിന്റെയും ലക്ഷ്യത്തിന്റെയും അടിസ്ഥാനത്തിൽ സമാധാനപരമായി പ്രവർത്തിക്കാം, ജനവിധി തേടാം. ഇന്ത്യയിൽ അടിസ്ഥാനപരമായി ജനാധിപത്യത്തിൽ വിശ്വസിക്കാത്ത കമ്യൂണിസ്റ്റ് പാർട്ടികളും മാവോയിസ്റ്റുകളും ഹിന്ദുത്വവാദികളും രാഷ്ട്രീയമായി പ്രവർത്തിക്കുന്നു; മത്സരിക്കുന്നു. സ്വാഭാവികമായും ഇസ്‌ലാമിക രാഷ്ട്രീയ ദർശനം ഭൂമികയായി തെരഞ്ഞെടുത്ത ജമാഅത്തെ ഇസ്‌ലാമിക്കും പാർലമെന്ററി ജനാധിപത്യ പ്രക്രിയയിൽ പങ്കെടുക്കാം. അത് തടയാൻ ഒരാൾക്കും അധികാരമില്ല. പഞ്ചായത്ത് തെരഞ്ഞെടുപ്പാകട്ടെ കക്ഷിരാഷ്ട്രീയത്തിന്നതീതമായ വികസനപരമായ അജണ്ടയെയാണ് ലക്ഷ്യം വെക്കുന്നത്. ജമാഅത്ത് പ്രവർത്തകർക്ക് അതിൽ പങ്കെടുക്കാൻ സംഘടന അനുവാദം നൽകിയത് തികച്ചും സ്വാഭാവികമായ നടപടിയാണ്. ബംഗാളിലും കർണാടകയിലും നേരത്തെത്തന്നെ പങ്കെടുത്തിട്ടുണ്ട്. പരാജയഭീതിയുള്ളവരേ ഇതിൽ അങ്കലാപ്പ് പ്രകടിപ്പിക്കൂ.

ജമാഅത്തെ ഇസ്‌ലാമി സംഘടനാ പ്രവർത്തനങ്ങൾക്ക് സ്വന്തം പ്രവർത്തകരുടെ വരിസംഖ്യയും സംഭാവനകളുമാണ് അവലംബിക്കുന്നത്. വിദ്യാഭ്യാസപരവും സേവനപരവുമായ സംരംഭങ്ങൾക്ക് ജമാഅത്ത് നിയന്ത്രണത്തിലുള്ള ട്രസ്റ്റുകളും സൊസൈറ്റികളും ആഭ്യന്തര വകുപ്പിന്റെ അനുമതിയോടെ മാത്രം വിദേശ ഏജൻസികളുടെ സഹായം സ്വീകരിക്കുന്നു. ഇതിനൊക്കെ കൃത്യമായ കണക്കും ഓഡിറ്റിംഗും ഉണ്ട്. കാലാകാലങ്ങളിൽ ബന്ധപ്പെട്ടവർ അത് പരിശോധിക്കുന്നുമുണ്ട്. വിദേശ പണം വേണ്ടുവോളം ഒളിഞ്ഞും തെളിഞ്ഞും സ്വീകരിച്ച് പാർട്ടി പ്രവർത്തനം നടത്തുന്നവരാണ് ജമാഅത്തിനെ പ്രതിക്കൂട്ടിൽ കയറ്റുന്നത്. ഒരു വിദേശ ഫണ്ടിംഗും കൂടാതെ സ്വന്തം കാലിൽ

നിന്ന് പ്രവർത്തിക്കാൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്, ഇനിയും കഴിയും. ഇതേപ്പറ്റി ഏതുതലത്തിലുള്ള അന്വേഷണത്തെയും സ്വാഗതം ചെയ്തിട്ടുമുണ്ട്.

കേഡർ സ്വഭാവമുള്ള പാർട്ടി എന്നാൽ പട്ടാളപരിശീലനം നൽകുന്ന, റജിമെന്റേഷൻ സ്വഭാവത്തിലുള്ള സംഘടന എന്ന അർഥമാണെങ്കിൽ ജമാഅത്തെ ഇസ്‌ലാമി ആ പട്ടികയിൽ വരുന്നില്ല. അംഗത്വത്തിന് ചില നിബന്ധനകൾ ചുമത്തുന്ന, അച്ചടക്കം കണിശമാക്കിയ സംഘടനയാണ് ജമാഅത്ത്. നാലണ മെമ്പർഷിപ്പ് പരിപാടി അതിനില്ല. അതുകൊണ്ടാണ് കേഡർ പാർട്ടി എന്ന് ജമാഅത്തിനെക്കുറിച്ച് പറയുന്നത്. പക്ഷേ, സംഘടനാപരമായ എല്ലാ കാര്യങ്ങളും സുതാര്യമാണ്. പൂർണമായ ഉൾപാർട്ടി ജനാധിപത്യം പുലരുന്ന ഇന്ത്യയിലെ ഏക സംഘടന എന്നു പോലും അതവകാശപ്പെടും. ഡോ. എം. ഗംഗാധരൻ ജമാഅത്തിനെ നേരിട്ട് മനസ്സിലാക്കാൻ ശ്രമിക്കാതെ എതിരാളികൾ എഴുതുന്നതും പറയുന്നതും മാത്രം ശ്രദ്ധിക്കുന്നതാണ് അദ്ദേഹത്തിന്റെ തെറ്റിദ്ധാരണകൾക്കടിസ്ഥാനം.

## കടലാസ് സംഘടന ആരുടേത്?

■ *“ഇടതു സർക്കാർ ചെയ്ത കാര്യങ്ങളേക്കാൾ ചെയ്യാത്തത്. ന്യൂനപക്ഷ വർഗീയത വളരുകയാണെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന അടിസ്ഥാനരഹിതമാണ്. മുസ്‌ലിം സമുദായം വർഗീയതക്കു വേണ്ടി പ്രവർത്തിച്ചിട്ടില്ല. കേരളത്തിൽ നടക്കുന്ന കൊലപാതകങ്ങളിൽ അധികവും രാഷ്ട്രീയ കൊലപാതകങ്ങളാണ്. ഇതാണ് വലിയ ആപത്ത്. ജമാഅത്തെ ഇസ്‌ലാമി പറയുന്നത് സമുദായത്തിന്റെ ശബ്ദമായി മുഴങ്ങിക്കേൾക്കുന്നുണ്ടല്ലോ എന്ന ചോദ്യത്തിന് ജമാഅത്തെ ഇസ്‌ലാമിയും സോളിഡാരിറ്റിയും കടലാസ് സംഘടനകളാണെന്നായിരുന്നു മറുപടി. ജമാഅത്തിനെ രാഷ്ട്രീയത്തിൽ വരാൻ അനുവദിച്ചുകൂടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു” (കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ, മാധ്യമം ജൂൺ 6). പ്രതികരണം?*

**_കെ. ഇസ്ഹാഖ് വടക്കാങ്ങര_**

ഗ്രഹണകാലത്ത് എല്ലാ ഞാഞ്ഞൂലുകളും തലപൊക്കും എന്ന് പറയാറുണ്ട്. സി.പി.എം സ്വന്തം രാഷ്ട്രീയ താൽപര്യങ്ങളാൽ ജമാഅത്തെ ഇസ്‌ലാമിക്കെതിരെ തിരിഞ്ഞപ്പോൾ അവസരം ഉപയോഗിച്ച് കണക്കു തീർക്കുകയാണ് സുന്നി-മുജാഹിദ് സംഘടനകളും അവയുടെ തലപ്പത്തിരിക്കുന്ന പണ്ഡിതന്മാരും. ഇവരൊക്കെ കാലാകാലങ്ങളിൽ മതഭ്രഷ്ട് കൽപിക്കുകയും ഊര് വിലക്കുകയും അപവദിക്കുകയും ചെയ്തുവന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. എല്ലാം തൃണവത്ഗണിച്ച് ജമാഅത്ത് വളർന്നു. ഇന്ന് സംസ്ഥാനത്തെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിക്ക് പോലും അത് പേടിസ്വപ്നമായിരിക്കുന്നു. ബുദ്ധിയും വിവരവുമുള്ള സത്യാന്വേഷികൾ ഇസ്‌ലാമിക പ്രസ്ഥാനത്തെ മനസ്സിലാക്കാൻ കാന്തപുരത്തിന്റെ ഫത്‌വക്ക് കാത്തിരിക്കുകയല്ല. പൊന്നാനിയിൽ ഇടതുമുന്നണിയുടെ സ്ഥാനാർഥിയായി ഉസ്താദിന്റെ വിനീത വിധേയനെത്തന്നെ നിർത്തി, പി.ഡി.പിയുടെ പിന്തുണ ഉറപ്പാക്കി കാടിളക്കിയിട്ടും ദയനീയമായ പരാജയം ഏറ്റുവാങ്ങിയപ്പോൾ തിരിഞ്ഞല്ലോ ആരുടേതാണ് കടലാസ് സംഘടനയെന്ന്! കടലാസ് സംഘടനയെങ്കിൽ പിന്നെ ജമാഅത്തിനെ ഉന്മൂലനം ചെയ്യാൻ ആയുഷ്കാലത്തിന്റെ സിംഹഭാഗവും എ.പി അബൂബക്കർ മുസ്‌ലിയാരും കൂട്ടരും ചെലവിട്ടത് എന്തിന്? ഡോൺക്വിക്സോട്ടിനെപ്പോലെ കാറ്റാടിയന്ത്രത്തോടായിരുന്നോ യുദ്ധം? *സിറാജും രിസാലയും* ജമാഅത്തിനെ നിരന്തരം കീറിമുറിക്കുന്നത് ആ സംഘടനക്ക് ഒരു ശതമാനത്തിന്റെ പോലും പിന്തുണയില്ലാത്തതുകൊണ്ടാണോ? എങ്കിൽ അതിന്റെ നടത്തിപ്പുകാരെ ഉടനെ കുതിരവട്ടത്തേക്കയക്കണം.

## ജമാഅത്തെ ഇസ്‌ലാമി ഇല്ലാതാവുന്നു?

■ *“ജനാധിപത്യവും മതേതരത്വവും അംഗീകരിക്കുന്നുവെന്നതിനർഥം വിശ്വാസവാക്യത്തിന് അവർ നൽകിയ അർഥവ്യാഖ്യാനം, ഇബാദത്തിന് നൽകിയ അർഥവ്യാപ്തി, താഗൂത്ത് ഭരണവ്യവസ്ഥയെക്കുറിച്ചുള്ള വിശദീകരണങ്ങൾ, ദൈവത്തിന്റെ പരമാധികാരം, രാഷ്ട്രീയ ശിർക്ക്, ദീനും ദുനിയാവും തമ്മിലുള്ള അവിഭിന്നത തുടങ്ങി ജമാഅത്തിനെ ഇതര മുസ്‌ലിം സംഘടനകളിൽനിന്ന് വേറിട്ടു നിർത്തിയ ഘടകങ്ങളെല്ലാം കത്തിച്ചാമ്പലാവുന്നുവെന്നാണ്. ഫലത്തിൽ ജമാഅത്തെ ഇസ്‌ലാമി തന്നെ ഇല്ലാതാവുകയാണ്. അല്ലെങ്കിലും ആശയാദർശങ്ങൾ പറഞ്ഞ് ആളെക്കൂട്ടുന്ന പരിപാടി വർഷങ്ങളായി അവർ നിർത്തിയിട്ടുണ്ട്. ദിനപത്രത്തിന്റെ സർക്കുലേഷൻ, പത്രം തുടങ്ങിയ ശേഷം*

*പൊതുസമൂഹവുമായി സംഘടനക്കുണ്ടാക്കാനായ അടുപ്പവും സ്വാധീനവും സോളിഡാരിറ്റി നടത്തുന്ന സമരങ്ങൾക്ക് കിട്ടുന്ന പബ്ലിസിറ്റിയും ബഹുജന പിന്തുണയും ജമാഅത്ത് നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അച്ചടക്കവും റിസൽട്ടും വിഷൻ 2020-ന്റെ സ്വീകാര്യത തുടങ്ങിയ കാര്യങ്ങളാണ് ജമാഅത്തിന്റെ ഇന്നത്തെ ആകർഷണ ഘടകം" ('ജമാഅത്തെ ഇസ്‌ലാമി കോൺഗ്രസ്സിൽ ലയിക്കാതിരിക്കാനുള്ള മൂന്ന് കാരണങ്ങൾ'- ശബാബ് വാരിക, 2010 ജൂൺ 4). പ്രതികരണം?*

***സുമയ്യ റഹ്മാൻ കലൂർ, മസ്കത്ത്***

ജമാഅത്ത് ഇല്ലാതാവുന്നതിൽ ആശ്വസിക്കുന്ന മുജാഹിദ് ലേഖകൻ പിന്നെ പറയുന്നതൊക്കെ അത് പൂർവാധികം ജനപിന്തുണ നേടി ശക്തിപ്രാപിക്കുന്നതിന്റെ ഉദാഹരണങ്ങളാണ്. ആദർശമോ ലക്ഷ്യമോ അടിയറവ് വെച്ചുകൊണ്ടല്ല ജമാഅത്തിന്റെ മാധ്യമ-വിദ്യാഭ്യാസ-ജനപക്ഷ പ്രവർത്തനങ്ങൾ. എല്ലാം മൗലിക ലക്ഷ്യത്തിലേക്കും നയനിലപാടുകളിലേക്കും പൊതുസമൂഹത്തെ അടുപ്പിക്കാനുള്ള നടപടികളാണ്. അതുതന്നെയാണ് ഇസ്‌ലാമിന്റെ ശത്രുക്കളെയും സമുദായത്തിലെ കപടന്മാരെയും സങ്കുചിത മതമൗലികവാദികളെയും ഒരുപോലെ ബേജാറാക്കുന്നതും. 'നമുക്ക് മതേതരത്വമല്ല, മത സാഹോദര്യമാണ് വേണ്ടത്' എന്ന് പറഞ്ഞ ഡോ. എം.ജി.എസ് നാരായണനും, മുസ്‌ലിം ലീഗിന് രാഷ്ട്രീയ പ്രവർത്തനം ഇബാദത്താണെന്ന് പറഞ്ഞ പി.കെ കുഞ്ഞാലിക്കുട്ടിയും (*മാതൃഭൂമി* ആഴ്ചപ്പതിപ്പ്, 2010 ജൂൺ 13) ഇബാദത്തിന് ആരാധന എന്നു മാത്രം അർഥം നൽകി കെണിയിലായി മിണ്ടാതായ മുജാഹിദ് സംഘടനകളുമെല്ലാം പരോക്ഷമായി ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ചിന്താപരമായ അപ്രമാദിത്വത്തെ സാധൂകരിക്കുകയാണ്. കേരളത്തിലെ ജമാഅത്ത് വിരോധികളായ മതസംഘടനകളുടെ വർധിച്ചുവരുന്ന സാമൂഹിക-രാഷ്ട്രീയ ഇടപെടലുകളും പ്രസ്ഥാനത്തിന്റെ സ്വാധീനഫലം തന്നെ.

## മത സംഘടനയോ രാഷ്ട്രീയ പാർട്ടിയോ?

■ *"ജമാഅത്തെ ഇസ്‌ലാമിയുമായി നടന്ന ചർച്ചയുടെ കാര്യത്തിൽ മാധ്യമങ്ങൾക്ക് ധാരണാ പിശകുവന്നു. മതസംഘടന എന്ന നിലയിലാണ് ജമാഅത്തെ ഇസ്‌ലാമിയെ ലീഗ് കണ്ടിരുന്നത്. വഖ്ഫ് ബോർഡിലും ഹജ്ജ് കമ്മിറ്റിയിലും അവർക്ക് പ്രാതിനിധ്യമുണ്ട്. എല്ലാ കക്ഷികളും മതസംഘടനകളുടെ യോഗത്തിന് അവരെ വിളിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ അവർ രാഷ്ട്രീയ സംഘടനയാകാൻ തീരുമാനിച്ചു. അതിനാൽ അവരെ ഏതു നിലയിൽ കാണണമെന്നാണ് ലീഗ് ചർച്ച ചെയ്തത്. മുന്നണിയായി മത്സരിക്കുമെന്നാണ് ചർച്ചയിൽ അവർ പറഞ്ഞത്."*

*"രാഷ്ട്രീയ പാർട്ടിയാകാൻ തീരുമാനിച്ച സാഹചര്യത്തിൽ മതസംഘടനയായി പരിഗണിക്കുന്ന യോഗങ്ങളിലേക്ക് വിളിക്കേണ്ടെന്നാണ് ലീഗ് തീരുമാനം. സംവരണം, പാഠപുസ്തകം അടക്കമുള്ള വിഷയങ്ങളിൽ സുന്നി, മുജാഹിദ് വിഭാഗങ്ങളെ പോലെ ജമാഅത്തിനെയും മുമ്പ് കൂടെ കൂട്ടിയിരുന്നു. ഇനി അവരെ മതസംഘടനയുടെ ഗണത്തിൽ പെടുത്തുക അസാധ്യമാകും. ഇടതുമുന്നണിയുടെ സഹയാത്രികരാണ് ജമാഅത്തെ ഇസ്‌ലാമി. തങ്ങളോടൊപ്പം അവർ ഒരുകാലത്തും ഉണ്ടായിട്ടില്ല. ഈ സർക്കാറിന്റെ കാലത്ത് പാഠപുസ്തക വിവാദം ഉണ്ടായപ്പോൾ ജമാഅത്ത് ഇടപെട്ടാണ് പരിഹരിച്ചത്." 'തദ്ദേശ തെരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്‌ലാമിയുമായി സംഖ്യമില്ല' എന്ന തലക്കെട്ടിൽ മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടിയുടെ ചില പ്രസ്താവനകളാണ് മുകളിലുദ്ധരിച്ചത് (ഗൾഫ് മാധ്യമം 2010 ജൂൺ 1 ചൊവ്വ).*

*നിലവിലുള്ള ധാരണകൾ വെച്ച് ലീഗ് സെക്രട്ടറി പറയുന്നതിലും അൽപം കാര്യമില്ലേ? ജമാഅത്തെ ഇസ്‌ലാമി എന്ന സംഘടന മതസംഘടനയായിട്ട് തന്നെയല്ലേ ഇതുവരെ സമൂഹത്തിൽ അറിയപ്പെട്ടിരുന്നത്? ഇപ്പോൾ ജമാഅത്ത് രാഷ്ട്രീയ പാർട്ടി ഉണ്ടാക്കുമെന്ന് കേൾക്കുന്നു. അപ്പോൾ ജമാഅത്ത് മതസംഘടനയോ രാഷ്ട്രീയ സംഘടനയോ? രണ്ടുമുണ്ടെങ്കിൽ ജമാഅത്ത് മതരാഷ്ട്ര സംഘടനയാണെന്ന് പറയുന്നവരെ കുറ്റം പറയാൻ പറ്റുമോ?*

***എൻ.പി നസീർ രിയാദ്***

ജമാഅത്തെ ഇസ്‌ലാമി പിറന്നു വീണ ഒന്നാം തീയതി മുതൽ ഇസ്‌ലാം ഒരു സമ്പൂർണ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ വ്യവസ്ഥയാണെന്ന് ഉറക്കെ പറഞ്ഞിട്ടുണ്ട്. അതാണ് അടിസ്ഥാനപരമായി അതിനെ മറ്റു മുസ്‌ലിം സംഘടനകളിൽനിന്ന് വേർതിരിക്കുന്നതും. ഇത് മുസ്‌ലിം ലീഗിന് മനസ്സിലായില്ലെന്ന് പറഞ്ഞാൽ സഹതപിക്കുകയേ നിവൃത്തിയുള്ളൂ. സ്വതന്ത്ര ഇന്ത്യയിൽ കഴിഞ്ഞ

കാല തെരഞ്ഞെടുപ്പുകളിലെല്ലാം ജമാഅത്ത് അതിന്റെ നിലപാട് വ്യക്തമാക്കാതിരുന്നിട്ടില്ല. സാമ്പ്രദായിക മതസംഘടനകൾക്ക് ഇങ്ങനെയൊരു നിലപാടുണ്ടോ? 1986 മുതൽ രാജ്യത്ത് നടന്ന പാർലമെന്റ്-നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ജമാഅത്ത് വിവിധ പാർട്ടികളുടെ സ്ഥാനാർഥികൾക്ക് പിന്തുണ നൽകുകയും നിഷേധിക്കുകയും ചെയ്തിട്ടുണ്ട്. അതിനുള്ള കാരണങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. മുസ്‌ലിം ലീഗ് നേതാക്കൾ ജമാഅത്തുമായി നിരന്തരം ചർച്ചകൾ നടത്തിയിട്ടുണ്ട്, പിന്തുണ ചോദിച്ചിട്ടുണ്ട്; കൊടുത്തിട്ടുമുണ്ട്. ഇതെല്ലാം നടന്നപ്പോൾ ജമാഅത്ത് വെറും മതസംഘടനയാണെന്ന് കുഞ്ഞാലിക്കുട്ടി ധരിച്ചുവോ? മതസംഘടനകളുടെ യോഗത്തിലേക്ക് ലീഗ് വിളിച്ചു എന്നു പറയുന്നതിലെ സാംഗത്യമാണ് മറ്റൊരു പ്രശ്നം. ലീഗ് രാഷ്ട്രീയ പാർട്ടിയല്ലേ? അത് മതസംഘടനകളുടെ യോഗം വിളിക്കേണ്ട കാര്യം? യഥാർഥത്തിൽ മുസ്‌ലിം ലീഗും മതസംഘടനകളും ജമാഅത്തെ ഇസ്‌ലാമിയും എല്ലാമടങ്ങുന്ന സംഗമം സമുദായ സ്നേഹികൾ ഓരോ സമയത്ത് വിളിച്ചു ചേർത്തതാണ്. പലതിന്റെയും സംഘാടകർ മുസ്‌ലിം ലീഗായിരുന്നില്ല. ഗൾഫാർ പി. മുഹമ്മദലിയെ പോലുള്ള വ്യവസായ പ്രമുഖരാണ് മുസ്‌ലിം സൗഹൃദവേദിയുടെ ഉപജ്ഞാതാക്കൾ. അതിലേക്ക് ലീഗും ജമാഅത്തും മറ്റു സമുദായ സംഘടനകളെപ്പോലെ ക്ഷണിതാക്കളായിരുന്നു. ഇതിന്റെയൊക്കെ കുത്തകാവകാശം മുസ്‌ലിം ലീഗിന് അവകാശപ്പെടാനാവില്ല. മാസപ്പിറവി പ്രശ്നത്തിലും മാറാട് പ്രശ്നത്തിലുമൊക്കെ മുസ്‌ലിം ലീഗിനെപ്പോലെ ജമാഅത്തെ ഇസ്‌ലാമിയും സമുദായത്തിന്റെ പൊതുധാരണ സൃഷ്ടിക്കാൻ തുല്യ അളവിലാണ് പ്രയത്നിച്ചത്. ആരും ആരോടും കാട്ടിയ ഔദാര്യമല്ല അനുരഞ്ജന ശ്രമങ്ങൾ.

ജമാഅത്ത് മതപരവും സാമുദായികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ടേ വന്നിട്ടുണ്ട്, ഇനിയും ഇടപെടും. എന്നു വെച്ച് അത് രാഷ്ട്രീയ പാർട്ടി ആയിട്ടില്ല, ആകാൻ പോവുന്നുമില്ലെന്ന് നേതൃത്വം വ്യക്തമാക്കികഴിഞ്ഞു. പുതിയ രാഷ്ട്രീയ പാർട്ടി നിലവിൽ വന്നു കഴിഞ്ഞ ശേഷമാണ് അതിന്റെ ലക്ഷ്യവും നയപരിപാടികളും നോക്കി ചർച്ചക്ക് പോവണമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത്. ലംഘിക്കുമെന്ന് ഉറപ്പുള്ള ഉറപ്പുകൾ ആദ്യമേ പറയാതിരിക്കുകയല്ലേ പ്രായോഗിക ബുദ്ധി?

## കൂട്ടായ ആക്രമണം

■ *ജമാഅത്തെ ഇസ്‌ലാമി ഇതര മുസ്‌ലിം സംഘടനകളിൽനിന്നും രാഷ്ട്രീയ പാർട്ടികളിൽനിന്നും അതിരൂക്ഷമായ വിമർശനങ്ങളാണ് ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നത്. നാനാഭാഗങ്ങളിൽനിന്നുമുള്ള വിമർശനങ്ങൾ കേൾക്കുമ്പോൾ ജമാഅത്തിന് എവിടെയോ ചില 'പന്തികേട്' സംഭവിച്ചിട്ടുണ്ട് എന്ന് പൊതുജനങ്ങളും ഒരുവേള അതിന്റെ പ്രവർത്തകർ പോലും സംശയിച്ചുപോകുന്നില്ലേ? എവിടെയാണ് പന്തികേട് സംഭവിച്ചിരിക്കുന്നത്? പൊതുജനങ്ങൾ തെറ്റിദ്ധരിക്കുംവിധം മുമ്പെങ്ങുമില്ലാത്ത കടുത്ത വെല്ലുവിളികൾ ജമാഅത്ത് നേരിടുമ്പോൾ പ്രവർത്തകർക്കിടയിലും അത് ഭയപ്പാടുകൾ സൃഷ്ടിക്കുന്നില്ലേ?*

***ഇ.സി റംല പള്ളിക്കൽ രിയാദ്***

ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് ദേശീയ സംഘടനയാണ്, പ്രാദേശികമല്ല. കേരളമൊഴിച്ചുള്ള ഒരു സംസ്ഥാനത്തും അത് മത-മതേതര സംഘടനകളുടെ രൂക്ഷമായ എതിർപ്പോ കൂട്ടായ ആക്രമണമോ നേരിടുന്നില്ല. കേരളത്തിലെ ഇപ്പോഴത്തെ കോലാഹലം സി.പി.എമ്മിന്റെ ഗതികേടിൽനിന്നും ആശങ്കയിൽനിന്നും ഉയിർകൊണ്ടതാണെന്ന് എല്ലാവർക്കുമറിയാം. ജമാഅത്തിന്റെ ജന്മസിദ്ധമായ സവിശേഷതകളാണ് ശരിയായാലും തെറ്റായാലും ഇപ്പോൾ സി.പി.എമ്മും മറ്റുള്ളവരും വിഷയമാക്കുന്നത് എന്നതും വ്യക്തമാണ്. ജനാധിപത്യത്തോടും മതേതരത്വത്തോടും ദേശീയതയോടും കശ്മീർ പ്രശ്നത്തോടുമൊക്കെ ജമാഅത്തിന്റെ സമീപനം പുതിയതല്ല. പ്രസ്ഥാനം എൽ.ഡി.എഫിന് പിന്തുണ പ്രഖ്യാപിച്ച കാലത്തും അതേ സമീപനം തന്നെയാണുണ്ടായിരുന്നത്. അതൊന്നും കാണാതെയാണ് സി.പി.എം പിന്തുണ സ്വീകരിച്ചതെന്നും ഇപ്പോഴാണ് യാഥാർഥ്യബോധമുണ്ടായതെന്നും പറഞ്ഞാൽ താഴെ തട്ടിലെ സഖാക്കൾ പോലും അത് വിശ്വസിക്കില്ല. അതുപോലെ ഇത്രയും കാലം ഒളിഞ്ഞും തെളിഞ്ഞും ജമാഅത്തുമായി സംഭാഷണവും ചർച്ചയും നടത്തുകയും വേദികൾ പങ്കിടുകയും ചെയ്ത മുസ്‌ലിം ലീഗിന്റെ 'സഡൻ' ബോധോദയത്തിന്റെ രഹസ്യവും പൊതുജനങ്ങൾക്കജ്ഞാതമല്ല. അതുകൊണ്ടുതന്നെ, എൽ.ഡി.എഫിൽ സി.പി.ഐയോ ആർ.എസ്.പിയോ യു.ഡി.എഫിൽ കോൺഗ്രസ്സോ

ഈ കുരിശുയുദ്ധത്തിൽ കക്ഷിചേർന്നിട്ടില്ല.

പ്രസ്ഥാനത്തിന്റെ വർധിച്ചുവരുന്ന സ്വീകാര്യതയും ജനകീയ പ്രശ്നങ്ങളിലെ സഫലമായ ഇടപെടലുകളും അതിന്റെ നിലപാടുകൾ ശ്രദ്ധാകേന്ദ്രമാവുന്നതുമാണ് അനുദിനം പ്രശ്നങ്ങളിൽനിന്ന് പ്രശ്നങ്ങളിലേക്ക് കൂപ്പുകുത്തുന്ന സി.പി.എം-ലീഗ് പാർട്ടികളിൽ ആശങ്ക വളർത്തുന്നത്. കഴിഞ്ഞ രണ്ട് മൂന്ന് ആഴ്ചകളായി മാധ്യമങ്ങളുടെ മുഖ്യ ചർച്ചാ വിഷയം ഇസ്‌ലാമിക പ്രസ്ഥാനമാണ്. ഇതിൽ കുറെയൊക്കെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതാണെങ്കിലും നിലപാട് സത്യസന്ധമായി വ്യക്തമാക്കാൻ ജമാഅത്തിന് അവസരം ലഭിക്കുന്നുണ്ട്. സത്യാന്വേഷികൾക്ക് പ്രസ്ഥാനത്തെ പഠിക്കാൻ അത് വഴിയൊരുക്കുന്നുമുണ്ട്. അതിനാൽ പ്രവർത്തകരിൽ ഒരാശയക്കുഴപ്പവും അത് സൃഷ്ടിക്കുന്നില്ല, ഭയപ്പാട് വളർത്തുന്നുമില്ല. പകരം ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങളിൽതന്നെ ഇത്രയും ഫോക്കസ് ചെയ്യപ്പെടുന്ന സ്ഥിതിയോളം കേരളത്തിലേത് വളർന്നതിൽ സംതൃപ്തരാണവർ. ആറ്റിക്കുറുക്കിയാൽ വ്യക്തമാവുന്ന വസ്തുതകൾ ഇതത്രെ:

ഒന്ന്, സാധാരണ ഒഴുക്കിനെതിരെയല്ല മലവെള്ളപ്പാച്ചലിന്റെ കുത്തൊഴുക്കിനെതിരെത്തന്നെ പ്രതിരോധം തീർക്കുകയാണ് ജമാഅത്തെ ഇസ്‌ലാമി. അത് നൽകുന്ന നിശ്ചയദാർഢ്യവും ആവേശവും ചെറുതല്ല.

രണ്ട്, വൻതോതിലുള്ള ജനശ്രദ്ധയും പോപ്പുലാരിറ്റിയും എതിരാളികൾ പ്രസ്ഥാനത്തിന് സമ്മാനിച്ചിരിക്കുന്നു. ഇത് പരമാവധി ഉപയോഗപ്പെടുത്തുകയാണാവശ്യം.

മൂന്ന്, നിരീശ്വരവാദികളും കപട മതേതരവാദികളും മതപൗരോഹിത്യ സംഘടനകളും ഒരുപോലെ അണിനിരന്ന ഈയാക്രമണത്തിന്റെ മറുപക്ഷത്ത് നിലയുറപ്പിച്ചത് ശുദ്ധ മനുഷ്യപ്രകൃതി തേടുന്ന ദൈവിക സന്മാർഗ വ്യവസ്ഥയുടെ വക്താക്കളാണ്. എല്ലാവരും ഒറ്റക്കെട്ടായി ഭയക്കുന്നത് 'ദൈവരാജ്യം' എന്ന ഉദാത്തവും ഉത്കൃഷ്ടവുമായ സ്വപ്നത്തെയാണ്. പൈശാചിക കൂട്ടുകെട്ടിനെയാണ് പ്രസ്ഥാനത്തിന് നേരിടാനുള്ളതെന്നതിന് ഇതിൽ കൂടുതൽ തെളിച്ചം വേണ്ട. ഇബ്‌ലീസിന്റെ സൈന്യം ഒരിക്കലും അന്തിമ വിജയം നേടാൻ പോവുന്നില്ല.

നാല്, ജമാഅത്ത് പ്രവർത്തകർ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കും, ജനപിന്തുണ തെളിയിക്കും, അക്കൗണ്ട് തുറക്കും- ഇൻശാ അല്ലാഹ്. ജനാധിപത്യത്തിൽ വിശ്വസിക്കാത്ത സി.പി. എമ്മിന്റെ ബലപ്രയോഗത്തിനോ കൈയേറ്റങ്ങൾക്കോ അതിനെ തടയാനാവില്ല. ബംഗാളിൽ പരീക്ഷിച്ചു പൂർണമായി പരാജയപ്പെട്ടതാണ് പേശീബലപ്രയോഗം. കേരളത്തിലും അത് വിജയിക്കാൻ പോവുന്നില്ല. പാർട്ടിയുടെ തനിനിറം ജനങ്ങൾക്ക് വ്യക്തമാവാൻ അതുതകും എന്നേയുള്ളൂ. ■